**ആഗമനകാലം മൂന്നാം ഞായർ**

**ലൂക്കാ 1:57-66**

## വാക്കു പാലിക്കുന്ന ദൈവവും വാഴ്ത്തി പാടുന്ന മനുജനും

റവ. ഫാ. ജോഷി പുതുശ്ശേരി

വൃദ്ധരായ മാതാപിതാക്കളിൽ നിന്നുള്ള സ്നാപകയോഹന്നാന്റെ പിറവി, നാട്ടുനടപ്പ് തെറ്റിച്ചു കൊണ്ടുള്ള പേരിടൽ, സഖറിയായുടെ സംസാരശേഷിയുടെ പുനഃസ്ഥാപനം - അസാധാരണമായ ഈ മൂന്നു സംഭവങ്ങളും അവയോടുള്ള ജനങ്ങളുടെ പ്രതികരണങ്ങളുമാണ് ലൂക്കാ 1:57-66-ലെ പ്രതിപാദ്യം.

എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും; അനേകർ അവന്റെ ജനനത്തിൽ ആനന്ദിക്കും ഗബ്രിയേൽ ദൂതനിലൂടെ ദൈവം സഖറിയായ്ക്ക് നല്കിയ വാഗ്ദാനം ഇതായിരുന്നു (1:13-14). സഖറിയാ അവിശ്വസിച്ചെങ്കിലും ദൈവത്തിന്റെ വാക്ക് യഥാകാലം (1:20) നിറവേറ്റപ്പെടുന്നു. എലിസബത്ത് ഒരു പുത്രനെ പ്രസവിച്ചു (1:57); സഖറിയാ ആനന്ദത്താൽ നിറഞ്ഞു (1:64); അയൽക്കാരും ബന്ധുക്കളും യോഹന്നാന്റെ ജനനത്തിൽ സന്തോഷിക്കുന്ന ആദ്യഗണമായി (1:58). ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. യോഹന്നാന്റെ പിറവി ദൈവത്തിന്റെ മറ്റ് വാഗ്ദാനങ്ങളും നിറവേറ്റപ്പെടും എന്ന സൂചനയാണ്. പൂർവികർക്ക് വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന്റെ ആഗമനം ആസന്നമാണ്. ആത്മാവിനാൽ നിറഞ്ഞ് സഖറിയാ നടത്തുന്ന പ്രവചനഗീതം ഇക്കാര്യം സ്പഷ്ടമായി അവതരിപ്പിക്കുന്നുണ്ട് (1:68-79).

കർത്താവിന്റെ വലിയ കാരുണ്യം (എലെയോസ്) എന്നാണ്, വൃദ്ധയും വന്ധ്യയുമായിരുന്ന എലിസബത്തിന് ശിശു പിറന്നതിനെ ജനം വിശേഷിപ്പിക്കുന്നത് (1:58). ദൈവവാഗ്ദാനമനുസരിച്ച് വാർദ്ധക്യത്തിൽ ഇസഹാക്കിന് ജന്മം നല്കിയ സാറായുടെയും (ഉത്പ 21:12) വന്ധ്യയായിരുന്നിട്ടും ദൈവാനുഗ്രഹത്താൽ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിയ റബേക്കയുടെയും (ഉത്പ 25:21) പിൻഗാമിയാണ് അവൾ. തലമുറകൾ തോറും തന്റെ ഭക്തരുടെമേൽ കരുണ (എലെയോസ്) കാണിക്കുന്നവൻ എന്ന് മറിയം കർത്താവിനെ തന്റെ സ്തോത്രഗീതത്തിൽ വാഴ്ത്തുന്നുണ്ട് (1:50). എലിസബത്തിനുണ്ടായ പുത്രലബ്ധി ഇക്കാര്യം ശരിവയ്ക്കുന്നു. എന്നാൽ, ദൈവത്തിന്റെ കരുണയുടെ ഏറ്റവും വലിയ അടയാളം മനുഷ്യരോടൊത്തായിരിക്കാൻ ഉന്നതത്തിൽ നിന്നെത്തുന്ന മിശിഹായാണ്. സഖറിയായുടെ ഗീതത്തിൽ, മിശിഹായുടെ മനുഷ്യാവതാരത്തോട് ചേർത്ത് 'എലെയോസ്' എന്ന പദം ആവർത്തിച്ചുപയോഗിച്ച് ലൂക്കാ അത് വ്യക്തമാക്കുന്നു (1:72, 78).

ആൺകുഞ്ഞുങ്ങൾ എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെടണമെന്ന പഴയ നിയമ കല്പന (ഉത്പ 17:10-12; 21:4; ലേവ്യ 12:3) പാലിക്കുന്നതിലൂടെ പഴയ ഉടമ്പടിയുടെ തുടർച്ചയാണ് യോഹന്നാനെന്ന് സുവിശേഷം വെളിപ്പെടുത്തുന്നു. അതേസമയം, നാട്ടുനടപ്പനുസരിച്ചുള്ള അപ്പൂപ്പന്റെയോ അപ്പന്റെയോ പേര് അവന് നല്കപ്പെടുന്നില്ല. പരിച്ഛേദന സമയത്ത് അബ്രാമിന് അബ്രാഹം എന്ന പുതിയ പേരാണ് എലിസബത്തും സഖറിയായും മകന് നല്കുന്നത്. ദൈവികരക്ഷാപദ്ധതിയുടെ തുടർച്ചയോടൊപ്പം ഒരു പുതിയ തുടക്കത്തിന്റെ അടയാളവുമായി മാറുകയാണ് യോഹന്നാൻ.

'കുഞ്ഞിന് എന്തു പേര് നല്കാൻ ആഗ്രഹിക്കുന്നു' എന്ന ചോദ്യത്തിന് സഖറിയാ നല്കിയ മറുപടി, 'യോഹന്നാൻ എന്നാണ് അവന്റെ പേര്' എന്നാണ്. ദൈവദൂതൻ വെളിപ്പെടുത്തിയ നിമിഷം മുതൽ ശിശുവിന് ആ പേരുണ്ട് എന്നർത്ഥം. ദൈവിക പദ്ധതിയെ സംശയിച്ച ഇന്നലെയിൽ നിന്ന്, പൂർണമായ ദൈവാശ്രയത്തിലേക്കും അനുസരണത്തിലേക്കും സഖറിയാ വളർന്നിരിക്കുന്നു എന്ന് ഈ ഉറച്ച മറുപടി വ്യക്തമാക്കുന്നു. തത്ഫലമായി സഖറിയായുടെ സംസാരശേഷി വീണ്ടുകിട്ടി. പിന്നീട് അവൻ സംസാരിച്ചതായി സുവിശേഷം

രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം ദൈവത്തിന്റെ വാഴ്ത്തുകളാണ് (1:64, 68–79). ദൈവശിക്ഷയെന്ന് മുദ്ര കുത്താവുന്ന ജീവിത പ്രതിസന്ധികളെ എങ്ങനെ രക്ഷാകരങ്ങളായി മാറ്റാമെന്ന പാഠമായി മാറുന്നു സഖറിയായുടെ ജീവിതം.

മൂന്നു തലങ്ങളിലുള്ള പ്രതികരണങ്ങളാണ് ഈ അസാധാരണ സംഭവങ്ങൾ ജനങ്ങളിലുളവാക്കുന്നത്.

1) ഭയം: ദൈവത്തിന്റെ സാന്നിധ്യവും പ്രവർത്തനവും തിരിച്ചറിയുന്ന സന്ദർഭങ്ങളിൽ സുവിശേഷത്തിലുടനീളം കാണുന്ന സ്വാഭാവിക പ്രതികരണമാണിത് (1:12; 2:9; 5:26; 7:16; 8:37).
2) സംഭാഷണം: അയൽക്കാർക്കും ബന്ധുക്കൾക്കുമപ്പുറം യൂദയായിലെ മലനാട്ടിലെങ്ങും യോഹന്നാൻ വെളിപ്പെടാൻ ഇതിടയാക്കി.
3) ആകാംക്ഷ: ദൈവത്തിന്റെ കരം (ദൈവിക ശക്തി) കൂടെയുള്ള ഈ ശിശു ആരായിത്തീരും?

വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം അസാധാരണമാംവിധം ചരിത്രത്തിലിടപെടുന്നത് ഈ സംഭവങ്ങളിലൂടെ വായനക്കാരനും തിരിച്ചറിയുന്നു. ദൈവികശക്തിയുടെ കൂടുതൽ വെളിപ്പെടുത്തലുകൾക്കായി തുടർന്നും വായിക്കാൻ ഇതയാളെ പ്രേരിപ്പിക്കുന്നു.